**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1843** **20-06-2024 - ൽ മറുപടിയ്ക്ക്**

**റോഡ് സുരക്ഷാ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡ് സുരക്ഷാ ഫണ്ട് എന്തൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്; പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) | റോഡ് സുരക്ഷാ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു |
| (ബി) | നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ പ്രസ്തുത ഫണ്ടിൽ നിന്ന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു |
| (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ഫണ്ടിൽ നിന്ന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (സി) | വിവരം ശേഖരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് സെക്ഷൻ 13 പ്രകാരം റോഡ് സുരക്ഷാ ഫണ്ട് ചുവടെപ്പറയുന്ന ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്

(എ) റോഡ് സുരക്ഷാ പരിപാടികൾക്ക്.
(ബി) റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണപരിപാടിക്ക്.
(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്ക്.
(ഡി) റോഡ് സുരക്ഷാ സംബന്ധിച്ച പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നൽകുന്നതിന്.
(ഇ) ട്രോമാ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും.
(എഫ്) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്.
(ജി) അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിനും
(എച്ച്) അതോറിറ്റി നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും.

താഴെപ്പറയുന്ന മാനണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് നിശ്ചിത നടപടി ക്രമങ്ങൾക്കു വിധേയമായാണ് റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

1) പദ്ധതികൾ താഴെ ചേർത്തിരിക്കുന്ന വിഭാഗത്തിൽപ്പെട്ടവയായിരിക്കണം.
എ) റോഡ് സുരക്ഷാ.
ബി) ബോധവൽക്കരണം.
സി) റോഡ് സുരക്ഷാ ഉപകരണങ്ങൾ.
ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പഠനങ്ങൾ.
ഇ) ട്രോമാകെയർ ഉടങ്ങിയവ

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അംഗീകരത്തോടെയോ അതോറിറ്റി ചെയർമാന്റെ അംഗീകാരത്തോടെയോ ആണ് പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നത്.